നൽകുന്നതുവഴി കോവിഡിന്റെ മൂന്നാം തരംഗം നിയന്ത്രിക്കുന്നതിന് സാധിക്കും. കൂടാതെ കോവിഡ് വാക്സിനേഷൻ ലഭിച്ചവരിൽ കോവിഡ് വന്നാലും ഗുരുതരമായ അവസ്ഥയിലേയ്ക്ക് പോകുന്നതിനുള്ള സാധ്യത കുറവാണ്.

(ബി) കുട്ടികൾക്കുള്ള കോവിഡ് വാക്സിനേഷൻ നടപടികൾ സംബന്ധിച്ച് പദ്ധതി തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

നിലവിൽ രാജ്യത്ത് ലഭ്യമായ എല്ലാ വാക്സിനുകളും 18 വയസ്സിന് മുകളിലുള്ളവർക്ക് നൽകിവരുന്നു. MoHFW-ന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾക്കുള്ള വാക്സിൻ നൽകുന്നതിന് വിശദമായ പ്രവർത്തനം നടന്നുവരുന്നു. വാക്സിൻ ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

**പാഠശാലയിലെ കോവിഡ് വാക്സിനേഷൻ**

226 (1592) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാഠശാല മണ്ഡലത്തിൽ 45 വയസ്സിനുമുകളിലുള്ള എത്രപേർക്ക് ഒന്നാം ഡോസ് വാക്സിനേഷനും രണ്ടാം ഡോസ് വാക്സിനേഷനും നൽകിയെന്നുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

23-7-2021 വരെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാഠശാല മണ്ഡലത്തിലെ വാക്സിനേഷൻ സെന്ററുകൾ വഴി ഒന്നാം ഡോസ് വാക്സിനേഷനും രണ്ടാം ഡോസ് വാക്സിനേഷനും ലഭിച്ച 45 വയസ്സിന് മുകളിലുള്ളവരുടെ എണ്ണം അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) 18 വയസ്സിന് മുകളിലുള്ളവർക്കുള്ള വാക്സിനേഷൻ ഏത് ഘട്ടത്തിലാണെന്നും എത്രപേർക്ക് ഒന്നാം ഡോസ് വാക്സിനേഷനും രണ്ടാം ഡോസ് വാക്സിനേഷനും നൽകിയെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

23-7-2021 തീയതി വരെ പാഠശാല മണ്ഡലത്തിലെ വാക്സിനേഷൻ സെന്ററുകൾ വഴി ഒന്നാം ഡോസ് വാക്സിനേഷനും രണ്ടാം ഡോസ് വാക്സിനേഷനും ലഭിച്ച 18 വയസ്സിന് മുകളിലുള്ളവരുടെ എണ്ണം അനുബന്ധം 2* ആയി ചേർക്കുന്നു.

(സി) ശാരീരികമായി അവശത അനുഭവിക്കുന്നവർക്കും കിടപ്പു രോഗികൾക്കും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വീടുകളിൽ ചെന്ന് വാക്സിൻ എടുക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ടോ, എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശാരീരികമായി അവശത അനുഭവിക്കുന്നവർക്കും കിടപ്പുരോഗികൾക്കും വീടുകളിൽ ചെന്ന് വാക്സിൻ എടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.:

23-7-2021 വരെ ഒറ്റശേഖരമംഗലം പഞ്ചായത്ത് (പൂഴനാട് എഫ്.എച്ച്.സി) - കിടപ്പ് രോഗികൾക്ക് വീടുകളിൽ ചെന്ന് ഒന്നാം ഡോസ് വാക്സിൻ കൊടുത്തു.

1. പാറശ്ശാല -150 പേർക്ക് വീടുകളിൽ ചെന്ന് 1st ഡോസ് വാക്സിൻ നൽകി.
2. വെള്ളറട - 1st ഡോസ് (490) - 2nd ഡോസ് (15)
3. കുന്നത്തുകാൽ - 1st ഡോസ് (194) - 2nd ഡോസ് (14)
4. ചെമ്മൂര് - 1st ഡോസ് (150) - 2nd ഡോസ് (8)
5. പെരുങ്കടവിള - 1st ഡോസ് (131) - 2nd ഡോസ് (15)
6. പരശുവയ്ക്കൽ - 1st ഡോസ് (216) - 2nd ഡോസ് (62)
7. കൊല്ലയിൽ - 1st ഡോസ് (175)
8. അമ്പൂരി - 1st ഡോസ് (110) - 2nd ഡോസ് (09)

**ഓക്സിജൻ ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

227 (1593) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 രോഗവ്യാപനവുമായി ബന്ധപ്പെട്ട് ഓക്സിജൻ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

38 ആശുപത്രികളിൽ ഓക്സിജൻ ജനറേറ്റർ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡൊണേഷൻ വഴി ലഭിച്ച 7 ഓക്സിജൻ ജനറേറ്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാർ അനുവദിച്ച 33 ഓക്സിജൻ ജനറേറ്ററിൽ 8 എണ്ണം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.